**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ. ഹരിത വി കുമാർ ഐ.എ.എസ് )

വിഷയം:- വനിത ശിശു വികസന വകുപ്പ് –ഐ.സി.ഡി.എസ്- സക്ഷം അങ്കണവാടി നവീകരണം 2023-24 - 1710 അങ്കണവാടികൾക്ക് നവീകരണാനുമതി നൽകിയത്-നാലാം ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ഈ കാര്യാലയത്തിലെ 29.08.2024 ലെ ഇതേ നമ്പർ ഉത്തരവ്.
2. ഈ കാര്യാലയത്തിലെ 13.12.2024, ലെ ഇതേ നമ്പർ ഉത്തരവ്.
3. ഈ കാര്യാലയത്തിലെ 22.10.2024, 13.01.2025, 29.01.2025 എന്നീ തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ
4. പാലക്കാട് പ്രോഗ്രാം ഓഫീസറുടെ 27.01.2025, 05.02.2025 എന്നീ തീയതികളിലെ ബി.1497/24 നമ്പർ കത്തുകൾ

ഉത്തരവ് നം. DWCD/1038 /2023-ICDS A7 **തീയതി: 10-02-2025**

2023-24 സാമ്പത്തിക വർഷം സക്ഷം അങ്കണവാടി നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 1710 അങ്കണവാടികൾ നവീകരിക്കുന്നതിനു ശിശുവികസന പദ്ധതി ഓഫീസർക്ക് അനുമതി നൽകിയും ഫണ്ട് അനുവദിച്ചും പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. അപ്രകാരം അനുവദിച്ച അങ്കണവാടികളുടെ എണ്ണത്തിൽ മാറ്റം ആവശ്യപെട്ട് വിവിധ പ്രോഗ്രാം ഓഫീസർമാർ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പാലക്കാട് അട്ടപ്പാടി ഐ.സി.ടി.എസ് പ്രോജക്റ്റിലെ 133 അങ്കണവാടികൾക്കാണ് പരാമർശം (1) പ്രകാരം സക്ഷം അങ്കണവാടി നവീകരണ അനുമതി ലഭിച്ചത് എന്നും, ആയതിൽ 5 അങ്കണവാടികൾ (CNO.3, CNO.34, CNO.37, CNO.50, CNO.171 ) അൺഫിറ്റ് ആയതിനാൽ 3 എണ്ണത്തിന്റെ സെന്റർ മാറ്റത്തിനായി അപേക്ഷ നൽകുകയും 2 എണ്ണം തൃത്താല അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസർക്ക് അനുവദിക്കുന്നതിനു അപേക്ഷിച്ചതായും, ആയതിൽ CNO.171 എന്നത് ക്ലറിക്കൽ മിസ്റ്റേക്ക് മൂലം അപേക്ഷയിൽ പിഴവ് സംഭവിച്ചിട്ടുള്ളതാണ് എന്നും, ഇത് CNO.170 ആണ് എന്നും, ആയതിനാൽ പരാമർശം (2) പ്രകാരം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിൽ അട്ടപ്പാടി CNO.50, CNO.171 എന്നീ അങ്കണവാടി സെൻ്ററുകൾക്ക് പകരം അനുവദിച്ച CNO.39, CNO.50 എന്നത് തൃത്താല അഡീഷണൽ പ്രോജക്ടിന് മാറ്റി, ആവശ്യമായ ഫണ്ട് സഹിതം അനുവധിക്കണമെന്നു പാലക്കാട് പ്രോഗ്രാം ഓഫീസർ പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (2) പ്രകാരം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിൽ അട്ടപ്പാടി ഐ.സി.ഡി.എസ് പ്രോജക്ടിന് അനുവദിച്ച അങ്കണവാടികളിൽ ചുവടെ ചേർക്കുന്ന മാറ്റം വരുത്തി ഉത്തരവാകുന്നു;

| ക്രമനം | പ്രോജക്റ്റ് | അനുവദിച്ച സെൻ്റർ നം | മാറ്റി അനുവദിക്കേണ്ട പ്രോജക്റ്റ് | സെൻ്റർ നം |
|---|---|---|---|---|
| 1 | അട്ടപ്പാടി | 50 | തൃത്താല അഡീഷണൽ | 39 |
| 2 | | ക്ലറിക്കൽ മിസ്റ്റേക്ക് മൂലം CNO:171 എന്ന പിഴവ് തിരുത്തി CNO:170 എന്നാക്കുന്നു. | | 50 |

പാലക്കാട് ജില്ലാ വനിത ശിശുവികസന ഓഫീസർ, അട്ടപ്പാടി ശിശു വികസന പദ്ധതി ഓഫീസർക്ക് അനുവദിച്ച 1,33,00,000/-രൂപയിൽ നിന്നും 2,00,00,0/- (രണ്ട് ലക്ഷം രൂപ മാത്രം ) പിൻവലിച്ച് തൃത്താല അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസർക്ക് അനുവദിക്കേണ്ടതാണ്.

മേൽ ഭേദഗതിയോടെ പരാമർശം (1,2,3) ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

(HARITHA V KUMAR, DIRECTOR D WCD, O/o Director DWCD)
വനിത ശിശുവികസന ഡയറക്ടർ

ജില്ലാ വനിത ശിശുവികസന ഓഫീസർ,
പാലക്കാട്

പകർപ്പ് :

1. പ്രോഗ്രാം ഓഫീസർ, പാലക്കാട്
2. ബന്ധപെട്ട ശിശുവികസന പദ്ധതി ഓഫീസർക്ക്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്